# മാർത്തോമ്മ സഭ
# ഡവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റ്

## വികസനവാരം-2022

## പ്രസ്താവന

പ്രിയ അച്ചൻ/സർ/വികസന പ്രവർത്തകരേ,

2022 ജൂലൈ മാസം 11 മുതൽ 17 വരെയുള്ള ആഴ്ച വികസനവാരമായി ആചരിക്കുവാൻ അഭിവന്ദ്യ ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്ത തിരുമേനി അനുമതി നൽകിയിരിക്കുന്നു. സഭയുടെ വികസന വിഭാഗമായ ഡവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റിന്റെ വികസനപ്രവർത്തനങ്ങളെ സഭാജനങ്ങൾക്ക് പരിചയപ്പെടുത്തുന്നതിനും വ്യാപിപ്പിക്കുന്നതിനും സഭാജനങ്ങളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും വികസനവാര ആചരണം സഹായമാകുമെന്ന് കരുതുന്നു. പ്രസിഡന്റ് തിരുമേനിയുടെ കല്പന, പ്രാർത്ഥനാക്രമം എന്നിവ ഇതോടൊപ്പം അയയ്ക്കുന്നു. താഴെ പറയുന്ന നാല് തരത്തിലുള്ള പരിപാടികളാണ് വികസന പ്രവർത്തകരുടെ നേതൃത്വത്തിലും ഇടവക ചുമതലക്കാരുടെ സഹകരണത്തിലും ഈ ആഴ്ച നടത്തുവാൻ ഉദ്ദേശിക്കുന്നത്.

1. വികസനസംബന്ധമായ ഏതെങ്കിലും വിഷയത്തെ അധികരിച്ച് പഠനസമ്മേളനമോ സെമിനാറോ സംഘടിപ്പിക്കുക. ഈ വർഷത്തെ മുഖ്യ ചിന്തവിഷയമായ **"നാം ജീവന്റെ പരിരക്ഷകരും, പരിപാലനത്തിന്റെ സാക്ഷികളും"** എന്ന വിഷയമോ, കാലാവസ്ഥ വ്യതിയാനം, മാലിന്യ സംസ്ക്കരണം, ജലസംരക്ഷണം, ഊർജ്ജസംരക്ഷണം മുതലായ വിഷയങ്ങളിൽ ഒന്നോ തെരഞ്ഞെടുക്കാവുന്നതാണ്. (DEVELOPMENT DEPARTMENT, CARD, CARD - KVK എന്നീ സ്ഥാപനങ്ങളിലെ വിദഗ്ധരുടെ സേവനം സെമിനാറിന് ലഭ്യമാണ്).
2. ഇടവക അതിർത്തിയിൽ സാമ്പത്തികമായോ, ആരോഗ്യപരമായോ, വിദ്യാഭ്യാസപരമായോ പിൻതള്ളപ്പെട്ടവർ, ബുദ്ധിമുട്ട് അനുഭവിക്കുന്നവർ, സാമൂഹ്യതിന്മകളാൽ ദുരിതം അനുഭവിക്കുന്നവർ എന്നിവരുടെ ഭവനങ്ങൾ വികസന കമ്മറ്റിയുടെ നേതൃത്വത്തിൽ സന്ദർശിക്കുകയും സഹായവും പിൻതുണയും നൽകി അവരെ വികസന സമിതിയിൽ ഉൾപ്പെടുത്തി പ്രവർത്തനം വിപുലീകരിക്കുക.
3. 2022 ജൂലൈ 17-ാം തീയതി വികസന ഞായറായി ആചരിക്കുകയും ആരാധനയിൽ സഭയുടെ വികസനപ്രവർത്തനങ്ങളെക്കുറിച്ച് പ്രസ്താവിക്കുകയും ആരാധനയിൽ വികസനപ്രവർത്തകർക്ക് പങ്കാളിത്തം നൽകി പ്രത്യേക ആരാധനാക്രമം ഉപയോഗിച്ച് ആരാധന നടത്തുകയും ചെയ്യുക.
4. സഭയുടെ വികസനപ്രവർത്തനങ്ങൾ വിപുലീകരിച്ച് ബുദ്ധിമുട്ട് അനുഭവിക്കുന്നവരെയും വിവിധ തരത്തിൽ സഹായം ആവശ്യമുള്ളവരേയും സഹായിക്കുന്നതിനായി ഡവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റ് നൽകിയിട്ടുള്ള സംഭാവന കൂപ്പൺ ഉപയോഗിച്ച് വികസനഫണ്ട് ശേഖരിക്കുക.
5. കേന്ദ്രവികസനസംഘത്തിന്റെ വൈവിദ്ധ്യമാർന്ന പ്രവർത്തനങ്ങൾക്ക് സാമ്പത്തികസഹായം നൽകി പങ്കാളികളാകുവാൻ ആഗ്രഹിക്കുന്ന സഹൃദയരായ ഇടവകാംഗങ്ങൾ ഡവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റിന്റെ തിരുവല്ലായിലുള്ള സൗത്ത്ഇന്ത്യൻ ബാങ്ക് 0079053000006042 IFSC SIBL0000079 എന്ന അക്കൗണ്ടിൽ പണം നിക്ഷേപിച്ച് വികസനപ്രവർത്തനങ്ങളെ സഹായിക്കണമേ.
6. വികസനസമിതികൾ രൂപീകരിക്കാത്ത ഇടവകകൾ വികാരിയുടെ നേതൃത്വത്തിൽ സമിതികൾ രൂപീകരിച്ച് കേന്ദ്രത്തിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുവാൻ ഉത്സാഹിക്കണമെന്നും ഓർമ്മിപ്പിക്കുന്നു. ഡയറക്ടർ, ഡവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റ്, മാർത്തോമ്മാ സഭാ ഓഫീസ്, തിരുവല്ല - 689101, ഫോൺ : 0469 - 2630872

ഈ സംരംഭത്തിൽ ബഹുമാനപ്പെട്ട അച്ചന്റെയും വികസനസംഘാംഗങ്ങളുടെയും പ്രത്യേക താത്പര്യവും സഹകരണവും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

എന്ന്
സ്നേഹപൂർവ്വം

DEVELOPMENT DEPARTMENT SABHA OFFICE THIRUVALLA KERALA 689101 MAR THOMA CHURCH

**റവ. മോൻസി വർഗ്ഗീസ്**
ഡയറക്ടർ
ഡവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റ്

തിരുവല്ല
03-06-2022

## മാർത്തോമ്മ സഭ ഡെവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റ് പ്രസിഡന്റ്
## തോമസ് മാർ തിമോഥെയോസ് എപ്പിസ്കോപ്പായിൽ നിന്നും

കല്പന നമ്പർ : **G 55 / 2022**

കർത്താവിൽ പ്രിയരെ / ക്രിസ്തുയേശുവിൽ വന്ദനം

അശരണരും ദരിദ്രരും പ്രാന്തവൽക്കരിക്കപ്പെട്ടവരുമായവർക്ക് കരുതലും, നീതിയും ലഭ്യമാക്കുക, മനുഷ്യാവകാശങ്ങൾ പരിരക്ഷിക്കുക, പ്രകൃതിയെ സംരക്ഷിക്കുക എന്നിങ്ങനെ ജീവന്റെ പൂർണ്ണത ലക്ഷ്യമാക്കിയുള്ള സാമൂഹ്യ വികസന പ്രവർത്തനങ്ങളിലൂടെ ദൈവരാജ്യ ശുശ്രൂഷയിൽ പങ്കുചേരുന്നതിനായി 1977 ൽ മാർത്തോമ്മാ സഭ രൂപം നൽകിയ പ്രസ്ഥാനമാണ് സഭയുടെ വികസന വിഭാഗം. 10 ഭദ്രാസനങ്ങളിലായി 150 വികസന കമ്മിറ്റികളിലൂടെ ഡവലപ്മെന്റ് ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. പുതിയ നയങ്ങൾ, വ്യത്യസ്തതകളെ നിഷേധിക്കൽ, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി പ്രശ്നങ്ങൾ, ഊർജ്ജപ്രതിസന്ധി മുതലായി ജീവനുനേരെയുള്ള പുതിയ വെല്ലുവിളികൾ ഇന്ന് നേരിട്ടുകൊണ്ടിരിക്കുന്നു. സ്ഥായിയായ വികസന സങ്കല്പങ്ങൾക്ക് കോട്ടം തട്ടുകയും, ലാഭകേന്ദ്രീകൃതമായ ജീവിതശൈലികൾ വർദ്ധമാനമായ രീതിയിൽ പ്രബലപ്പെടുകയും ചെയ്യുന്നുണ്ട്. കോവിഡാനന്തര കാലത്തിൽ ജീവിക്കാൻ പാടുപെടുന്ന ഒരുപാട് പേരുടെ പക്ഷം ചേരുന്ന പ്രവർത്തന പരിപാടികളാണ് ഇന്ന് പ്രബലപ്പെടേണ്ടത്. ചൂഷണത്തിന്റെയും, അനീതിയുടെയും, അസമത്വത്തിന്റെയും ദാരിദ്ര്യത്തിന്റെയും കെട്ടുപാടുകളിൽ വീണുപോയവരോട് ചേർന്ന് നിൽക്കാനും ജീവനെ സംരക്ഷിക്കുന്ന പ്രവർത്തനങ്ങളിൽ പങ്കുചേരാനും വികസനവാരാഘോഷത്തിലൂടെ സഭ ലക്ഷ്യമിടുന്നു. **2022 ജൂലൈ മാസം 11 തിങ്കൾ മുതൽ 17 ഞായർ വരെ വികസനവാരമായും ജൂലൈ 17 വികസന ഞായറായും ആചരിക്കുന്നതിന് നിശ്ചയിച്ചിരിക്കുന്നു.**

വികസന വാര ചിന്തയായി നാം തെരഞ്ഞെടുത്തിരിക്കുന്നത് **"നാം ജീവന്റെ പരിരക്ഷകരും, പരിപാലനത്തിന്റെ സാക്ഷികളും"** (We, protectors of life; and be witness of nuturing) എന്ന വിഷയമാണ്. ജീവന്റെ പരിരക്ഷ സർക്കാരുകളുടെയോ, പൊതുസമൂഹത്തിന്റെയോ, മാത്രം ചുമതലയല്ല നാം ഓരോരുത്തരുടെയുമാണ്. വികസനം എന്നതായിരുന്നു കഴിഞ്ഞ നൂറ്റാണ്ടിലെ ഏറ്റവും പ്രബലമായ ലോകചിന്ത. എല്ലാവരുടെയും വളർച്ചയും മെച്ചപ്പെടലും സർവ്വസ്വീകാര്യമായ ആശയമായിരുന്നുവെങ്കിലും വിഭവങ്ങളിൽമേൽ നിയന്ത്രണമുള്ളവരിലേക്ക് വികസന ഫലങ്ങൾ കേന്ദ്രീകരിക്കുകയാണുണ്ടായത്. ഈ പശ്ചാത്തലത്തിലാണ് വികസനം നിലനിൽക്കുന്നതും നീതിപൂർവ്വവുമായിരിക്കണം (Sustainable and equitable development) എന്ന ആശയം സ്വാംശീയകരിക്കപ്പെട്ടത്. വിഭവങ്ങളുടെ ശോഷണം (depletion of resources) ആഗോളതാപനം, കാലാവസ്ഥാവ്യതിയാനം, വർദ്ധിതമാകുന്ന സാമ്പത്തിക ഉച്ചനീചത്വങ്ങൾ ഇവയെല്ലാം പ്രപഞ്ച നിലനിൽപ്പിന് ഭീഷണി ആണെന്നുമെന്ന തിരിച്ചറിവും പ്രതിവിധികൾക്കായുള്ള പ്രവർത്തനസരണികളും ദേശരാഷ്ട്രങ്ങളും ആഗോള സമൂഹവും രൂപപ്പെടുത്തിക്കൊണ്ടിരിക്കുന്നു. ദൈവം നൽകിയതിൽ നിന്നും അർഹിക്കുന്നവർക്ക് നൽകുന്നതിനൊപ്പം ജീവന്റെ നിലനിൽപ്പും സുരക്ഷയും കരഗതമാക്കുന്നതെല്ലാം വികസനം സംബന്ധിച്ച ഇന്നിന്റെ ദൈവഹിതമാണെന്ന് മറന്നുകൂടാ. ഊർജ്ജമോ മറ്റേതു വിഭവമോ മറ്റൊന്നാക്കിമാറ്റാനല്ലാതെ പുതുതായി സൃഷ്ടിക്കാൻ ഇന്നോളമുള്ള മനുഷ്യകഴിവിൽ സാദ്ധ്യമല്ലാതിരിക്കെ തീർന്നുപോകുന്ന പ്രകൃതിവിഭവങ്ങളെക്കുറിച്ച് നമുക്ക് മനോഭാരം ഉണ്ടാകേണ്ടിയിരിക്കുന്നു. കുടുംബങ്ങളിലൂടെ, സംഘടനകളിലൂടെ, അയൽപ്പക്കക്കൂട്ടങ്ങളിലൂടെ ജീവന്റെ പരിരക്ഷകരും, പരിപാലനത്തിന്റെ സാക്ഷികളുമാകുവാൻ ഈ വർഷത്തെ വികസനഞായർ പരിപാടികളിലൂടെ നമുക്ക് കഴിയട്ടെ. ദൈവം നൽകിയ ജീവൻ സംരക്ഷിക്കാൻ നമ്മുടെ ശീലങ്ങളിലൂടെ, മനോഭാവങ്ങളിലൂടെ ജീവിത വീക്ഷണങ്ങളിലൂടെ പുത്തൻ പ്രവർത്തനങ്ങൾ കൂട്ടായി ആവിഷ്ക്കരിക്കുന്നതിലൂടെ ശ്രമിക്കാം. നമുക്ക് ജീവൻ പരിരക്ഷിക്കുന്നതിന്റെ ജീവിക്കുന്ന സാക്ഷികളാകാം. നമ്മുടെ ഭക്ഷണമേശ, നമ്മുടെ അടുക്കള, നമ്മുടെ പറമ്പ്, ഉദ്യാനം എല്ലാ ഇടവും നമുക്ക് ജീവൻ സംരക്ഷിക്കുന്നതിനായി മാറ്റിവയ്ക്കാം. ജീവനെ പരിരക്ഷിക്കുന്നതിന്റെ സാക്ഷികളുടെ എത്രയും വലിയ സമൂഹം സൃഷ്ടിക്കാം.

സ്ഥായിയായ വികസനം എന്നത് ദൈവരാജ്യ ദർശനവും അതിനായുള്ള പരിശ്രമങ്ങൾ ദൈവരാജ്യ ശുശ്രൂഷയുമാണ്. കാലാവസ്ഥാ വ്യതിയാനത്തിന്റെയും മഹാമാരിയുടെയും ആർഭാടസംസ്ക്കാരത്തിന്റെയും കമ്പോളവൽക്കരണത്തിന്റെയും പിടിയിലമർന്നിരിക്കുന്ന സമൂഹത്തിൽ ദരിദ്രരുടെയും പുറംതള്ളപ്പെടുന്നവരുടെയും എണ്ണം അനുദിനം വർദ്ധിച്ചുവരുന്നു. ഈ പ്രതിഭാസത്തെ തടയുന്നതിനും ജീവന്റെ ശ്രേഷ്ഠത ഉറപ്പാക്കാനുമുള്ള ഒരു ബദൽ സംവിധാനം ഒരുക്കുന്നതിനാണ് നാം ശ്രമിക്കേണ്ടത്.

വികസന പ്രവർത്തനങ്ങൾ ശക്തീകരിക്കുന്നതിന് ആവശ്യമായ വിഭവങ്ങൾ സമാഹരിക്കുന്നതിനായി ഡവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റ് നൽകുന്ന പ്രത്യേക കൂപ്പൺ ഉപയോഗിച്ച് അഭ്യുദയകാംക്ഷികളിൽ നിന്നും സംഭാവനകൾ സ്വീകരിച്ച് കേന്ദ്ര വികസനവിഭാഗം പ്രവർത്തനങ്ങൾക്കായി നൽകണം.

വികസന സമിതികൾ രൂപീകരിക്കാത്ത ഇടവകകൾ വികാരിയുടെ നേതൃത്വത്തിൽ സമിതികൾ രൂപീകരിച്ച് കേന്ദ്രത്തിൽ രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുവാൻ ഉൽസാഹിക്കണമെന്നും ഓർമ്മിപ്പിക്കുന്നു.

കർത്താവേശുമശിഹായുടെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

എന്ന് ക്രിസ്താബ്ദം 2022 ജൂൺ 17-ാം തീയതി ചെങ്ങന്നൂർ ഒലിവറ്റ് അരമനയിൽ നിന്നും

**തോമസ് മാർ തിമോഥെയോസ് എപ്പിസ്കോപ്പാ**

(പ്രസിഡന്റ്, ഡെവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റ്)

**ജനം** : ദൈവമേ ദയതോന്നി ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ

**ലീഡർ** : ദരിദ്രരായ കുട്ടികളുടെ വിദ്യാഭ്യാസത്തിനായി ഏഴ് സംസ്ഥാനങ്ങളിലായി നിർവ്വഹിക്കപ്പെടുന്ന വിവിധങ്ങളായ വിദ്യാഭ്യാസസഹായ പദ്ധതികൾ, മദ്ധ്യപ്രദേശിലെ സെന്റ് തോമസ് ഹയർ സെക്കന്ററി സ്കൂൾ, 5 ഗ്രാമജ്യോതി സ്കൂളുകൾ എന്നിവിടങ്ങളിൽ സേവനം ചെയ്യുന്ന വൈദീകർ, പ്രവർത്തകർ, കുട്ടികളെ സ്പോൺസർ ചെയ്യുന്നവർ എന്നിവരെ ഓർത്ത് പ്രാർത്ഥിക്കാം.

**ജനം** : ദൈവമേ ദയതോന്നി ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ

**ലീഡർ** : ഇടവകതല വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന കേന്ദ്രവികസനസംഘം ഭാരവാഹികൾ, ഭദ്രാസന ചുമതലക്കാർ, പ്രാദേശിക ശാഖാ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നവർ, വികസന സമിതി അംഗങ്ങൾ ഇവരിലൂടെ നിർവ്വഹിക്കപ്പെടുന്ന എല്ലാ സുവിശേഷപ്രവർത്തനങ്ങളെയും ഓർത്ത് പ്രാർത്ഥിക്കാം.

**ജനം** : ദൈവമേ ദയതോന്നി ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ

## സമർപ്പണ പ്രാർത്ഥന (എല്ലാവരും ചേർന്ന്)

തകരുന്ന സാമൂഹ്യ ഇടങ്ങളിൽ ജീവന്റെ ശ്രേഷ്ഠതയെ പൂർണ്ണമാക്കുന്ന നാഥാ നിന്നിൽ നിന്നും ലഭിച്ചിട്ടുള്ള എല്ലാ ദാനങ്ങളും ഫലപ്രദമായി വിനിയോഗിക്കുവാനും - പങ്കുവയ്ക്കുവാനും - ഞങ്ങൾക്ക് ഇടയാക്കേണമേ. ഞങ്ങളുടെ സാമൂഹ്യ ഇടങ്ങളിൽ എളിയവരെ കരുതുവാനും - ദരിദ്രരെ സംരക്ഷിക്കുവാനും - സഹോദരങ്ങളെ അതിരുകളില്ലാതെ സ്നേഹിക്കുവാനും ഞങ്ങളെ യോഗ്യരാക്കേണമേ. ഞങ്ങളുടെ സാമൂഹ്യ ഇടങ്ങളിൽ ജീവന്റെ ശ്രേഷ്ഠതയ്ക്കും സമാധാനത്തിനും നീതിക്കുവേണ്ടിയുള്ളള്ള എല്ലാ പരിശ്രമങ്ങളിലും - വികസന പ്രവർത്തനങ്ങളിലും - പങ്കാളികളാകുവാനും ഞങ്ങളെ സഹായിക്കുകയും ചെയ്യേണമേ. ആമേൻ.

*********



# മാർത്തോമ്മാ സഭ
# ഡവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റ്

**വികസന വാരം - 2022 (ജൂലൈ 11-17)**
**വികസന ഞായർ ജൂലൈ 17**

## ആരാധനാക്രമം

**(മാർത്തോമ്മാ മെത്രാപ്പോലീത്താ അംഗീകരിച്ചത്)**

### ആരാധനാഹ്വാനം

*(ഞാൻ പൂർണ്ണ ഹൃദയത്തോടെ യഹോവയെ സ്തുതിക്കും: നിന്റെ അത്ഭുതങ്ങളെ ഒക്കെയും ഞാൻ വർണ്ണിക്കും: (സങ്കീ.9:1))*

**കൗമ്മാ** :

### മഹത്വീകരണം

**ലീഡർ** : സകലത്തേയും സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്യുന്ന സൃഷ്ടിതാവാം ദൈവമേ നിന്റെ അഗണ്യമായ ദയയാലും കൃപയാലും ഓരോ ദിവസവും ദൈവമെ കാക്കുന്നുവല്ലൊ. സ്നേഹവാനായ ദൈവമെ നിന്റെ സന്നിധിയിലേക്ക് അടുത്തു വന്ന് നിന്നെ ഞങ്ങൾ മഹത്വപ്പെടുത്തുന്നു. നിന്റെ സ്നേഹം ഞങ്ങളുടെ ജീവിത വഴികളിലെല്ലാം കൂടെയിരുന്നു വഴിനടത്തുന്നവല്ലൊ. ദൈവമെ നീ നിന്റെ മുഖം മറക്കാതെ ഞങ്ങളെ വിശ്വസ്തതയോടെ നിലനിർത്തുന്നുവല്ലൊ. നിന്റെ കൃപയും കരുണയും കാവലായി കൂടിരിക്കുന്നതി നാൽ നിന്നെ ഞങ്ങൾ വന്ദിക്കുന്നു. ദൈവമെ സൃഷ്ടികൾക്ക് പ്രകാശമായി, ഞങ്ങളുടെ സാമൂഹ്യ ഇടങ്ങളിൽ രൂപാന്തരത്തിന്റെ ദൂതായി കടന്നുവരേണമേ. വെറുപ്പിന്റെയും വിദ്വേഷത്തിന്റെയും, വർഗ്ഗിയതയുടെയും ഇടങ്ങളിൽ സൃഷ്ടിക്ക് സ്വാന്തനമായി വെളിപ്പെടുന്നതിനായി സ്തോത്രം. സൂഷ്മതയോടെ ഈ ലോകത്തിൽ പ്രവർത്തിപ്പാൻ ഞങ്ങളെ ശക്തരാക്കുന്ന അവിടുത്തെ അർത്ഥമേറിയ സാനിദ്ധ്യത്തിനായി സ്തോത്രം. ഈ ആരാധനയിലുടെ നിന്നെ മഹത്വപ്പെടുത്തുവാൻ ഞങ്ങളെ ശക്തരാക്കേണമേ. യേശുവിൻ നാമത്തിൽ തന്നെ..... ആമേൻ

## അനുതാപപ്രാർത്ഥന:

*യഹോവ കരുണയും കൃപയും നിറഞ്ഞവൻ ആകുന്നു. അവൻ നമ്മുടെ പാപങ്ങൾക്കൊത്തവണ്ണം നമ്മോടു ചെയ്യുന്നില്ല. നമ്മുടെ അകൃത്യങ്ങൾക്കു ഒത്തവണ്ണം നമ്മോടു പകരം ചെയ്യുന്നതുമില്ല.*

**പ്രതിവക്യം:** ഞങ്ങളോട് ക്ഷമിക്കേണമേ.........

**ലീഡർ** : ദൈവമെ ഇന്ന് മരണകരമായ യുദ്ധങ്ങളും മഹാമാരിയും കാലാവസ്ഥ വ്യതിയാനം മൂലവും സകല ചരാചരങ്ങളുടെയും ജീവനും നിലനിൽപ്പും അപകടത്തിൽ ആയിരിക്കുന്നു. ശത്രുതയും തർക്കങ്ങളും സർവ്വ സാധാരണമായി മാറുന്നു. ഈ യാഥാർത്ഥ്യം ഞങ്ങളുടെ വ്യക്തി ജീവിതങ്ങളെയും സാമൂഹ്യ ജീവിതത്തെയും സഭാ ജീവിതത്തെയും കീഴ്പ്പെടുത്തുന്നു. വികലമായ ഈ ജീവിത ദർശനത്തെ ദൈവമെ ...

**ജനം :** ഞങ്ങളോട് ക്ഷമിക്കേണമേ.........

**ലീഡർ :** ജീവന്റെ സമഗ്രതയെ ഹനിക്കുന്ന വേർതിരുവുകളും വെറുപ്പുകളും ഞങ്ങളുടെ പൊതു ഇടങ്ങളിലും, സഭകളിലും, സഭാ ജീവിതത്തിലും, കുടുംബങ്ങളിലും കടന്നുവരുന്നു. ഇന്നുയർന്നുവരുന്ന അതിക്രമത്തിന്റെ സംസ്ക്കാരങ്ങൾ ഞങ്ങളുടെ ജീവിതങ്ങളെ ഒന്നിക്കലുകളിൽ നിന്നും അകറ്റിനിർത്തുന്നു. കരുതൽ സമൂഹമായ ഞങ്ങൾ സാക്ഷ്യമേഖലയിൽ അവഗണിച്ചുപോയ ഈ കുറവുകളെ ദൈവമെ................

**ജനം :** ഞങ്ങളോട് ക്ഷമിക്കേണമേ.............

**ലീഡർ :** ജീവന്റെ പരിരക്ഷകരും പരിപാലനത്തിന്റെ സാക്ഷികളുമായി നീ ഞങ്ങളെ വിളിക്കുമ്പോൾ, അത്തരം വിളികളെ മറന്ന് അലസമായി ജീവിച്ചുപോയ ഞങ്ങളുടെ കുറവുകളെ ദൈവമെ.................

**ജനം :** ഞങ്ങളോട് ക്ഷമിക്കേണമേ............

## സ്തോത്ര പ്രാർത്ഥന:

"യഹോവയ്ക്ക് സ്തോത്രം ചെയ്വിൻ അവൻ നല്ലവനല്ലോ; അവന്റെ ദയ എന്നേക്കുമുള്ളത്." (സങ്കീ. 136:1)



**പ്രതിവക്യം:** ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു.

**ലീഡർ** :ദൈവമെ പൊതുഇടങ്ങളിൽ ജീവന്റെ പൂർണ്ണതയ്ക്കായി ചെയ്യുന്ന എല്ലാ പ്രവർത്തനങ്ങൾക്കായി, പ്രത്യേകമായി പുറം തള്ളപ്പെടുന്നവരെയും, ദരിദ്രരെയും ചേർത്തു പിടിക്കുകയും, നീതിപൂർവ്വമായ സാമൂഹ്യ ഇടത്തിനുവേണ്ടി പ്രവർത്തിക്കുകയും ചെയ്യുന്ന എല്ലാ പ്രസ്ഥാനങ്ങളെയും, പ്രവർത്തകരേയും ഓർത്ത് ദൈവമെ.....

**ജനം** : ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു....

**ലീഡർ** : ദൈവമായ കർത്താവേ, മാർത്തോമ്മാ സഭയുടെ വികസന പ്രവർത്തനങ്ങൾക്കു ഡവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റിലൂടെയും, കാർഡിലൂടെയും (CARD) ലഭിച്ചുകൊണ്ടിരിക്കുന്ന സേവനങ്ങൾക്കായി നിനക്കു സ്തോത്രം. 1977-ൽ സ്ഥാപിതമായ ഈ പ്രസ്ഥാനത്തിനു വിവിധ കാലഘട്ടങ്ങളിൽ നേതൃത്വം നല്കിയവരെ ഓർക്കുന്നു. ഈ സംഘടനകളുടെ രക്ഷാധികാരിയായി ശക്തമായ നേതൃത്വം നൽകികൊണ്ടിരിക്കുന്ന **അഭിവന്ദ്യ പിതാവായ ഡോ. തിയൊഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്ത, പ്രസിഡന്റായിരിക്കുന്ന അഭിവന്ദ്യ തോമസ് മാർ തിമോഥെയോസ് എപ്പിസ്കോപ്പാ, ഭദ്രാസന എപ്പിസ്കോപ്പാമാർ,** വികാരി ജനറാൾമാർ, ഡയറക്ടർ, അസ്സി. ഡയറക്ടർ, ഗവേണിംഗ് ബോർഡ്, മാനേജിംഗ് കമ്മററി അംഗങ്ങൾ, ഓഫീസ് സ്റ്റാഫ്, ഭദ്രാസന സെന്റർ മേഖലകളിൽ ശുശ്രൂഷ ചെയ്യുന്ന പ്രവർത്തകർ എന്നിവരുടെ സേവനങ്ങൾക്കായി ദൈവമേ ..............

**ജനം** :ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു.......

## മദ്ധ്യസ്ഥ പ്രാർത്ഥന:

**ലീഡർ** :കാലാവസ്ഥാ വ്യതിയാനത്തിന്റെയും, മഹാമാരിയുടെയും ദർശനമില്ലാത്ത വികസനപ്രവർത്തനങ്ങളുടെയും തിക്തഫലങ്ങൾ നേരിടുന്ന ഗ്രാമീണരെ ശക്തീകരിക്കുന്ന പദ്ധതികൾ, കൃഷിക്കാർക്ക് സാങ്കേതിക പരിശീലനം നൽകുന്ന കാർഡ്കൃഷി വിജ്ഞാനകേന്ദ്രം, ജലസംരക്ഷണത്തിന് നടത്തപ്പെടുന്ന ജലനിധി പദ്ധതികൾ, ജലം പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്നതിനായി നടപ്പിലാക്കുന്ന കിളിക്കൂട്ടം പരിശീലനപരിപാടികൾ എന്നിവയ്ക്കായി പ്രാർത്ഥിക്കാം.